ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി 'മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പോലീസ് സേനാംഗങ്ങൾക്ക് പുതിയ ക്വാർട്ടേഴ്സുകൾ, വിവിധ ഓഫീസ് കെട്ടിടങ്ങൾ, ശാസ്ത്രീയ കുറ്റാന്വേഷണത്തിനുതകുന്ന ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ, പോലീസ് ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവയുടെ നവീകരണം, പുതിയതരം വാഹനങ്ങൾ, ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്ക്വാഡ്, റയട്ട് കൺട്രോൾ ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.

(ബി) മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് എന്ന പദ്ധതിയിൻ കീഴിൽ 261.62 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) & (ഡി) വിവിധ ആയുധങ്ങൾ വാങ്ങുന്നതിനായി 267 ലക്ഷം രൂപയും, 3 ജലപീരങ്കികൾ വാങ്ങുന്നതിന് 75 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പ് നവീകരിക്കുന്നതിന് പോലീസ് സേനയെ നവീകരിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക നടപടികൾ ഒന്നും എടുത്തിട്ടില്ല. എന്നാൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുമ്പോൾ ലോക്കപ്പ് പ്രത്യേകം സൗകര്യപ്രദമായി പണിയുന്നതിന് നടപടി എടുത്തുവരുന്നു.

(ജി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

പോലീസ് സേനയുടെ സംഖ്യാബലം വർദ്ധിപ്പിക്കുന്നതിന് നടപടി

143 [103] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *പി. കെ. കെ. ബാവ:*
,, *സി. മമ്മൂട്ടി:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ സംഖ്യാബലം വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളിലാണ് സംഖ്യാബലം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര പേരെ വീതമാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനുള്ള അധികച്ചെലവ് പ്രതിവർഷം എത്രയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ ജോലി സമയം 8 മണിക്കൂറാക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, അത്തരം സ്ഥലങ്ങളിൽ മൂന്നിലൊന്ന് സംഖ്യാബലം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) & (സി) തീരുമാനം എടുത്തിട്ടില്ല.

(ഡി) മുൻ ഖണ്ഡിക 'എ' യിൽ വിവരിച്ച പ്രകാരം മൂന്നിലൊന്ന് സംഖ്യാബലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഉദ്ദേശം പത്ത് കോടി അറുപത്തിരണ്ട് ലക്ഷത്തി എൺപത്തി ഒന്നായിരത്തി നാനൂറ്റി എൺപത്തിയാറ് രൂപയുടെ (10,62,81,486) അധികച്ചെലവ് കണക്കാക്കിയിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾ നിയമനം

144 [104] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് പോലീസ് കോൺസ്റ്റബിൾമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളത്;

(ബി) ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്;

(സി) പി.എസ്.സി. ലിസ്റ്റിൽ അവശേഷിക്കുന്നവരെ കൂടി നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly